"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ്

**ഐ&പി.ആർ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : സുബാഷ് ടി.വി IAS)

വിഷയം:- സംസ്ഥാന സർക്കാരിന്റെ ലഹരി വിരുദ്ധ പ്രചാരണം സംബന്ധിച്ച് തിയറ്റർ/ടി.വി പരസ്യം - ക്രിയേറ്റീവ് നിർമ്മാണം - മൈത്രി അഡ്വർടൈസ്മെന്റ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മിച്ച ക്രിയേറ്റീവിന്റെ നിർമ്മാണ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന: - (1) 07.10.2022-ലെ ഇതേ നമ്പർ നടപടിതീർപ്പ്

(2) മൈത്രി അഡ്വർടൈസ്മെന്റ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച ബിൽ/ഇൻവോയ്സ്

(3) 05.10.2023-ൽ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന കോസ്റ്റ് കമ്മിറ്റി യോഗതീരുമാനം

ഉത്തരവ് നമ്പർ. ഡി3/117/2022/ഐ&പി.ആർ.ഡി തീയതി, തിരുവനന്തപുരം (10-11-2023)

---

സംസ്ഥാന സർക്കാരിന്റെ ലഹരി വിരുദ്ധ പ്രചാരണം സംബന്ധിച്ച് തിയറ്റർ/ടി.വി പരസ്യ ക്രിയേറ്റീവ് നിർമ്മിക്കുന്നതിന് സൂചന (1) പ്രകാരം മൈത്രി അഡ്വർടൈസ്മെന്റ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നു. ആയത് പ്രകാരം മൈത്രി അഡ്വർടൈസ്മെന്റ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ് നിർമ്മിച്ച പരസ്യചിത്രം സൂചന (3) പ്രകാരം ചേർന്ന കമ്മിറ്റി വിലയിരുത്തുകയും, ക്രിയേറ്റീവിന് 4,00,000/- (നാല് ലക്ഷം രൂപ മാത്രം) അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിൽ മൈത്രി അഡ്വർടൈസ്മെന്റ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡിന് നിർമ്മാണ തുകയായ 4,00,000/- രൂപയും, ജി.എസ്.ടി 72,000/- രൂപയും ചേർത്ത് 4,72,000/- രൂപ ഇലക്ട്രോണിക് മീഡിയ പരസ്യങ്ങൾക്കുള്ള നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും (2220-60-101-97-02-നോൺ പ്ലാൻ) അനുവദിച്ച് ഉത്തരവാകുന്നു.

നിർമ്മാണ തുകയായ 4,00,000/- (നാല് ലക്ഷം) രൂപയിൽ 2% നിരക്കിൽ ടി.ഡി.എസ് ഇനത്തിൽ 8000/- രൂപ കുറവ് ചെയ്ത് 3,92,000/- രൂപയും ജി.എസ്.ടി 72,000/-രൂപയും ചേർത്ത് 4,64,000/-രൂപ (നാല് ലക്ഷത്തി അറുപത്തി നാലായിരം) മൈത്രി അഡ്വർടൈസ്മെന്റ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ അക്കൗണ്ടിലേക്കും ടി.ഡി.എസ് തുക ഇൻകം ടാക്സ് കമ്മീഷണറുടെ അക്കൗണ്ടിലേയ്ക്കും ക്രഡിറ്റ് ചെയ്യേണ്ടതാണ്.

സുഭാഷ് ടി വി ഐ.എ.എസ്

ഡയറക്ടർ

മൈത്രി അഡ്വർടൈസ്മെന്റ് വർക്ക്സ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം

പകർപ്പ്:

വിവര-പൊതുജന സമ്പർക്ക വകുപ്പ് സെക്രട്ടറിയുടെ സി.എ യ്ക്ക്

വിവര-പൊതുജന സമ്പർക്ക (എഫ്) വകുപ്പ് (ബില്ലുകൾ സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ഡെപ്യൂട്ടി ഡയറക്ടർ, പരസ്യം & മാർക്കറ്റിംഗ്

ഇൻഫർമേഷൻ ഓഫീസർ (പരസ്യം & മാർക്കറ്റിംഗ്)
ഐ&പി.ആർ.ഡി വെബ്സൈറ്റ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.